**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 86** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പാരിസ്ഥിതിക സംവേദ മേഖല</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. എം. ശശി

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. ജി. സ്റ്റീഫൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റുമുള്ള പാരിസ്ഥിതിക സംവേദ മേഖല നിശ്ചയിക്കുമ്പോൾ ജനവാസ മേഖലകളെയും സ്ഥാപനങ്ങളെയും ഒഴിവാക്കാൻ മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നിയമപരമായ നടപടികൾ എന്തെല്ലാമായിരുന്നു എന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 8/05/2013 ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് പുറത്തുള്ള എല്ലാ ജനവാസ കേന്ദ്രങ്ങളും, കൃഷിഭൂമിയും ഇക്കോ സെൻസിറ്റീവ് സോൺ (ESZ) പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് 13/05/2015 ൽ തന്നെ സംസ്ഥാനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 2016 ൽ കേന്ദ്ര മന്ത്രാലയം ആവശ്യപ്പെട്ട വിശദാംശങ്ങൾ സമയബന്ധിതമായി നൽകാത്തതിനെ തുടർന്ന് മുൻ UDF സർക്കാർ സമർപ്പിച്ച രേഖകൾ പ്രകാരമുള്ള കരട് വിജ്ഞാപനം 2018-ൽ കാലഹരണപ്പെട്ടു. അതുകൊണ്ട് തന്നെ, 2011 ൽ ഇത് സംബന്ധിച്ച കേന്ദ്ര മന്ത്രാലയത്തിന്റെ Guidelines പ്രകാരം 10 കിലോമീറ്റർ ESZ പരിധി കേരളത്തിലെ എല്ലാ വന്യജീവിസങ്കേതങ്ങൾക്കും, ദേശീയ ഉദ്യാനങ്ങൾക്കും ബാധകമായി.

2019 ഒക്ടോബർ 23 ലെ മന്ത്രിസഭാ യോഗ തീരുമാനം അനുസരിച്ച് എല്ലാ സംരക്ഷിത മേഖലകൾക്കുചുറ്റും ജനവാസമേഖലകൾ ഉൾപ്പെടെ ഒരു കിലോമീറ്റർ ESZ പരിധി ബാധകമാക്കി കേന്ദ്ര മന്ത്രാലയത്തിന്റെ പരിഗണനയിൽ ഇരിക്കുന്ന കരട് വിജ്ഞാപനത്തിൽ മാറ്റം വരുത്താൻ ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2019 ൽ കേരള സർക്കാർ, 31.10.2019-ന് പുറപ്പെടുവിച്ച GO(Rt) No. 29/2019/F&WLD സർക്കാർ ഉത്തരവിൽ ഇക്കോ സെൻസിറ്റീവ് സോൺ(ESZ) പരിധി '0' മുതൽ '1' കിലോമീറ്റർ വരെ നിശ്ചയിക്കാമെന്ന് വ്യക്തമാക്കിയിരുന്നു. എന്നിരുന്നാലും, കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിർദേശത്തിൽ ജനവാസമേഖലകളും കൃഷിഭൂമികളും ഉൾപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് 2020 ൽ

കേന്ദ്ര മന്ത്രാലയം 2019 ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു കിലോമീറ്റർ ESZ പ്രഖ്യാപിച്ചുകൊണ്ട് 17 സംരക്ഷിത പ്രദേശങ്ങളുടെ കരട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചത്.

പിന്നീട് കേരളത്തിൽ വ്യാപകമായി വന്യജീവി സങ്കേതങ്ങളുമായി അതിർത്തി പങ്കിടുന്ന കാർഷിക മേഖലകളിൽ പ്രതിഷേധം ഉണ്ടാകുകയും സുപ്രീം കോടതിയിൽ നിലനിന്നിരുന്ന ടി എൻ ഗോദവർമ്മ തിരുമുൽപ്പാട് കേസിൽ ഒരു IA ഫയൽ ചെയ്തുകൊണ്ട് സംസ്ഥാന സർക്കാർ നിലപാട് മാറ്റുന്നതും, വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഒരു കിലോമീറ്റർ ESZ എന്നുള്ളതിൽ തിരുത്തൽ വേണമെന്ന് ആവശ്യപ്പെടുന്നതും തിരുത്തിയ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതും. ഇക്കാര്യത്തിൽ സർക്കാരിന്റെ നയം അനുസരിച്ച് കൊടുത്തിരിക്കുന്ന പ്രൊപോസലുകളിൽ കൃഷിഭൂമിയും, ജനവാസമേഖലകകളും ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ളത് വിശദമായി പരിശോധിക്കുകയും അങ്ങനെ പ്രൊപ്പോസൽ പോയിട്ടുണ്ടെങ്കിൽ നിയമപരമായി അത് പുന:പരിശോധിക്കുകയും ചെയ്യും.

**(ബി)** ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാനായി മുൻ സർക്കാർ സ്വീകരിച്ച ഇത്തരം ഇടപെടലുകളുടെ ഫലമായി ബഹു. സുപ്രീം കോടതിയിൽ നിന്നും സംസ്ഥാനത്തിന് അനുകൂല വിധി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അനുകൂല വിധിയുടെ പശ്ചാത്തലത്തിൽ ഒഴിവാക്കപ്പെട്ട സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** WP(C) 202/1995 നമ്പർ കേസിലെ IA 1000/2003 നമ്പർ ഹർജിയിലെ 03/06/2022 ലെ വിധിയിൽ ബഹു. സുപ്രീം കോടതി, എല്ലാ സംരക്ഷിത മേഖലകളുടേയും അടയാളപ്പെടുത്തിയ അതിരിൽ നിന്നും ഏറ്റവും കുറഞ്ഞത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ-സെൻസിറ്റീവ് സോൺ ബാധകമാക്കി ഉത്തരവായിരുന്നു. ഇതിനെതിരെ കേന്ദ്ര സർക്കാർ നൽകിയ IA 131377/2022 നമ്പർ ഹർജിയിൽ സംസ്ഥാന സർക്കാരും കക്ഷി ചേരുകയും 26/04/2023 ന് ടി ഹർജിയിന്മേൽ ബഹു. സുപ്രീം കോടതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആവശ്യങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. 26/04/2023 ലെ ഉത്തരവ് പ്രകാരം, ഇക്കോ-സെൻസിറ്റീവ് സോണുകളുടെ കരട്/അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലോ, കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതോ ആയിട്ടുള്ള പ്രൊപ്പോസലുകൾക്ക് 03/06/2022 ലെ വിധി ബാധകമല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

WP(C) 202/1995 നമ്പർ കേസിലെ IA 1000/2003 നമ്പർ ഹർജിയിന്മേലുള്ള ബഹു. സുപ്രീം കോടതിയുടെ 03/06/2022 -ലെ വിധിക്ക് മുമ്പിനാലെ തന്നെ ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരണത്തിനായി തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകൾ കേരളം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലുകളിൽ ജനവാസമേഖലകളെ പരമാവധി ഒഴിവാക്കിയിട്ടുള്ളതിനാൽ തന്നെ ബഹു. സുപ്രീം കോടതിയുടെ അനുകൂല വിധിയുടെ പശ്ചാത്തലത്തിൽ ജനവാസമേഖലകളോ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളേയോ ഒഴിവാക്കേണ്ട സാഹചര്യം ഇല്ല.

**(സി)** സംസ്ഥാനത്തെ വനാതിർത്തികളിൽ ഇരുപത് വർഷത്തിലധികമായി നിലനിന്നിരുന്ന പാരിസ്ഥിതിക സംവേദ മേഖല എന്ന ഭീഷണി ഏതൊക്കെ പ്രദേശങ്ങളിലെ ജനങ്ങളെയാണ് ബാധിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** WP(C) 202/1995 നമ്പർ കേസിലെ IA 1000/2003 നമ്പർ ഹർജിയിലെ 03/06/2022 ലെ വിധിയിൽ ബഹു. സുപ്രീം കോടതി, എല്ലാ സംരക്ഷിത പ്രദേശങ്ങളുടേയും അടയാളപ്പെടുത്തിയ അതിരിൽ നിന്നും ഏറ്റവും കുറഞ്ഞത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ-സെൻസിറ്റീവ് സോൺ ബാധകമാക്കി ഉത്തരവായിരുന്നു. ഈ വിധി പ്രകാരം കേരളത്തിലെ 24 സംരക്ഷിത പ്രദേശങ്ങളിൽ മതികെട്ടാൻ ഷോല ഒഴികെയുള്ള 23 സംരക്ഷിത പ്രദേശങ്ങളുടെ അതിരിൽ നിന്നും ഒരു കിലോമീറ്റർ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ജനവാസ മേഖലകളെ ബാധിച്ചിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**